CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
DIGITAL LIBRARY FOR CHRISTIAN ARTS, MUSIC & LITERATURE

# ✝ വിശുദ്ധനായ പൗരസ്ത്യ സുറിയാനി മൽപാനും ന്സീവീനിലെ മെത്രാപൊലീത്തയുമായിരുന്ന മാർ ബർസൗമായാൽ രചിക്കപ്പെട്ട കാറോസൂസ

(പൗരസ്ത്യ സുറിയാനി സഭയുടെ പരിശുദ്ധ മാമ്മോദീസായുടെ തക്സായിൽ നിന്നും)




## പരിശുദ്ധ മാമ്മോദീസാ ക്രമ കാറോസൂസ

By

Mar BARSOUMA

**Metropolitan of Nisibis**



WWW.LIBRARY.THECMSINDIA.ORG

നമ്മുടെ നേരെയുള്ള തന്റെ അത്യധികമായ സ്നേഹത്താൽ ലോകത്തിലേയ്ക്ക് തന്റെ ഏകജാതനായ പുത്രനെ അയയ്ക്കുകയും, നമ്മെ അടിമപ്പെടുത്തുന്ന സ്വത്തിന്റെ അടിമത്വത്തിലേയ്ക്ക് നമ്മെ വീഴ്ത്തുന്ന തെറ്റിന്റെ അന്ധകാരത്തിൽ നിന്ന് തന്റെ വെളിപാടിന്റെ പ്രകാശത്താൽ നമ്മെ രക്ഷിക്കുകയും ചെയ്തവനായ പിതാവായ ദൈവത്തെ നാം പുകഴ്ത്തുകയും, അവനോട് തകർന്ന ഹൃദയത്തോടെയുള്ള സങ്കടത്തോടെ യാചിക്കുകയും സത്യവിശ്വാസത്തോടെ അപേക്ഷിക്കുകയും ചെയ്യണം.




നമ്മുടെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പിതാവിന്റെ സ്വഭാവത്തിൽ നിന്നുള്ള സത്യ ത്തിന്റെ പുത്രനെ നാം പുകഴ്ത്തുക. എന്തെന്നാൽ സ്വന്ത ഇഷ്ടത്താൽ അവൻ തന്നെത്താൻ താഴ്ത്തി തന്റെ കരുണയാൽ നമ്മുടെ ശരീരം ധരിച്ച്, തന്മൂലം നമ്മെ തന്റെ സമീപത്തേയ്ക്ക് അടുപ്പിച്ചിരിക്കുന്നു. മാത്രമല്ല തന്റെ ഉപദേശത്തിന്റെ സത്യത്താൽ നമ്മെ നവീകരിക്കുകയും പ്രകാശത്തിന്റെ പാതയേയും നിത്യജീവന്റെ വഴിയേയും നമ്മുക്ക് കാണിച്ചു തരികയും ചെയ്തു.



ആകയാൽ അനുതാപത്തിന്റെ കണ്ണുനീരോടും നിർമ്മല ചിന്ത കളുടെ നെടുവീർപ്പോടും കൂടെ നമ്മുടെ തകർച്ചയ്ക്ക് ഒരിക്കലും ആഗ്രഹിക്കാത്തവനും നമ്മുടെ വൃണങ്ങളെ ഒരിക്കലും അധിക മാക്കാത്തവനും എന്നാൽ തന്റെ കരുണയാൽ ദീർഘക്ഷമയുള്ള വനും തന്റെ കൃപയുടെ കാരുണ്യത്താൽ നമ്മുടെ ഞെരുക്കങ്ങളെ സഹിച്ചവനും തന്റെ വചനങ്ങളുടെ ഔഷധത്താൽ നമ്മുടെ മുറിവുകളെ സുഖമാക്കിയവനും നമ്മുടെ രോഗസ്ഥിയെ സൗഖ്യമാക്കിയവനും നമ്മുടെ വീഴ്ചയെ എഴുന്നേൽപ്പിച്ചവനും നമ്മുടെ ആത്മാക്കളുടെ വൈദ്യനുമായ ഈശോമ്ശിഹായോട് നാം പ്രാർത്ഥിക്കുക.


പ്രാർത്ഥനയിൽ നമ്മുടെ മുട്ടുകളെ മടക്കിക്കൊണ്ട് അനുതാപത്തിനായി വിളിച്ചുകൊണ്ടിരിക്കുന്ന ശബ്ദമായ യോഹന്നാന്റെ മുമ്പാകെ തന്റെ തല കുനിച്ച് മാമ്മോദീസ ഏറ്റവനെ നാം പുകഴ്ത്തുക.



ജലസ്നാനത്താലുള്ള പരിശുദ്ധിയോ നൈർമ്മല്യമോ അവന് സ്വയം ആവശ്യമുണ്ടായിരുന്നില്ല; എന്നാൽ പാപത്തിന്റെ കളങ്കങ്ങളാൽ മലിന രായിരുന്ന നമ്മെ പ്രതി പരിശുദ്ധ മാമ്മോദീസയാൽ ഈ വെള്ളം ശുദ്ധീകരിക്കപ്പെടുന്നു. വിശ്വാസത്തോടെ മാമ്മോദീസാ സ്വീകരിക്കുന്നവരും, നമ്മുടെ പ്രതിയോഗിയായ സാത്താനെ ഉപേക്ഷിക്കുന്നവരുമായ ഇവർ നിഗൂഢമായ ദിവ്യശക്തിയാലും റൂഹായുടെ കവചത്താലും അണിയിക്കപ്പെടട്ടെ. ആകയാൽ പാപിയുടെ മരണത്തിൽ സന്തോഷിക്കാത്തവനും, എന്നാൽ അവൻ തന്റെ അതിക്രമത്തിൽ നിന്ന് തിരിഞ്ഞ് രക്ഷപെടുന്നതിന് ഇഷ്ടപ്പെടുന്നവനുമായ നമ്മുടെ ആ നല്ല രാജാവിനെ നാം പുകഴ്ത്തുക.




അവൻ അനുതപിക്കുന്നവരോട് തന്റെ സുവിശേഷം മൂലം അരുളി ചെയ്തതെന്തന്നാൽ ‘‘യാചിക്കുവിൻ നിങ്ങൾക്കു ലഭിക്കും, അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് കരുണയുടെ ശ്രീഭണ്ഡാരം തുറക്കും’’ ഇതുവഴിയായി വിശുദ്ധ മാമ്മോദീസ യുടെ പ്രിയ സന്താനങ്ങളായ നാം എല്ലാവരും സാത്താനേയും അവന്റെ എല്ലാ ദാസൻമാരേയും തള്ളിപ്പറയുവാനും പിതാവിന്റേയും പുത്രന്റേയും റൂഹാദ്കുദ്ശായുടേയും സത്യവിശ്വാസത്തിൽ പരിപൂർണ്ണരാക്കപ്പെടുകയും പൂർത്തീകരിക്കപ്പെട്ടവ രാകുകയും ചെയ്യുവാനും, നിത്യജീവന്റെ മുദ്രണം സ്വീകരിക്കുവാനും കാത്തിരിക്കുന്നവരായ ഈ നമ്മുടെ പുത്രീപുത്രൻമാർക്കു വേണ്ടി പ്രാർത്ഥിക്കുക.




മഹത്വമേറിയതും കൃപയുടെ ആശ്ചര്യ കരവുമായ ഈ ദാനത്തെ സ്വീകരി ക്കുന്നതിന് ഇവർ യോഗ്യരായി ത്തീരട്ടെ. തെററായ രാഗമോഹാദി കളിൽ നശിച്ചിരിക്കുന്ന പഴയ മനുഷ്യനെ വിമോചനത്തിന്റെ ഈ മാമോദീസായാൽ ഉരിഞ്ഞു കളയണമേ .




നീതിയിലും സത്യവിമോചനത്തിലും ദൈവം സൃഷ്ടിച്ചതായ പുതിയ മനുഷ്യനെ ഈ പരിശുദ്ധ ജലത്താലുള്ള മാമ്മോദീസായാൽ ഇവർ ധരിക്കുമാറാകട്ടെ. നിത്യജീവനായുള്ള പുനരുത്ഥാന ത്തിന്റെ അച്ചാരം വിശുദ്ധ മദ്ബഹായിൽ നിന്നുള്ള മ്ശീഹാ യുടെ തിരുശരീരരക്തങ്ങൾ മൂലം ഇവർ പ്രാപിക്കട്ടെ. മ്ശീഹായുടെ ആട്ടിൻപററത്തോടൊന്നിച്ച് കലർത്തപ്പെട്ട്, പൂർണ്ണ സത്യസഭയോട് കൂടെയും സ്വർഗ്ഗത്തിലുള്ള പരിശുദ്ധ മാലാഖ മാരോടുകൂടെയും ഇവർ ആനന്ദിക്കുമാറാകട്ടെ.



നീതിയാലും സത്യത്താലും ഉത്തമ ങ്ങളും സുകൃതാത്മകങ്ങളുമായ പ്രവർത്തികളാലും റൂഹാദ്കുദ്ശാ യുടെയും മുഖാന്തിരമായി ഇവർ സ്വീകരിക്കുന്ന കരുണ കവി ഞ്ഞൊഴുകുന്ന ഈ ദാനത്തെ , നിത്യജീവന്റെയും പ്രകാശത്തി ന്റെയും ദേശത്തിലേക്ക് ഈ ലോകത്തിൽനിന്ന് ഇവരെ നയിക്കേണ്ടതിന് ഇവർ സൂക്ഷിക്കുമാറാകട്ടെ. മാത്രവുമല്ല ഇവർ മ്ശീഹായുടെ അവകാശപുത്രന്മാരായി തീരുമാറാകട്ടെ.




എപ്പിസ്കോപ്പൽ മെത്രാപൊലീത്തായ്ക്കു വേണ്ടി യും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആർക്കും വിവരിക്കാൻ സാദ്ധ്യമല്ലാത്ത മഹത്തും അതിശ യനീയവുമായ ഈ ദാനത്തിന്റെ മദ്ധ്യസ്ഥന്മാരായി അവർ ഇതാ വയ്ക്കപ്പെട്ടിരിക്കുന്നു. അവരിൽ അവൻ പ്രസാദിച്ചു എന്നു മാത്രമല്ല, അവരുടെ കയ്യാൽ തുറക്കപ്പെട്ട വിമോചനത്തിനായി കരുണയാൽ പ്രദാനം ചെയ്ത നിത്യജീവന്റെ ഈ ഉറവയെ അവൻ അവർക്കു നല്കിയിരിക്കുകയും ചെയ്തിരിക്കുന്നു. അവൻ തന്നെ അവരുടെ ഭദ്രാസനങ്ങളുടെ മേലദ്ധ്യക്ഷന്മാരായി നിലകൊള്ളുന്നതിനും, അനുതപിക്കുന്നവരുടെ പരിപുഷ്ടമായ വളർച്ചയ്ക്കായും, കാലാകാലങ്ങളിൽ നീ ഏല്പിക്കുന്ന നിന്റെ വിലയേറിയ രക്തത്താൽ നീ വീണ്ടെടുത്ത ആട്ടിൻകൂട്ടത്തിന്റെ നടത്തിപ്പിനായും അവർക്ക്

സഭയുടെ പോഷിതമായ ശാന്തിയും സർവ്വഭൂമിയിലും സമാധനവും നൽകുമാറാകേണമെ.



ആട്ടിൻകൂട്ടമാകുന്ന തിരുസഭയെ കാത്തുപരിപാലിച്ച് അതിനെ അവന് സമർപ്പിച്ചുകൊണ്ട് പ്രസന്നമുഖ ത്തോടു കൂടെ ഇതാ ഞങ്ങളും, ഞങ്ങൾ കാത്തുപരിപാലിക്കുന്നതിന്ന് നിന്റെ കൃപയാൽ നീ നല്കിയ മക്കളും ഇന്ന് നമ്മുടെ കർത്താവി നോട് ഇപ്രകാരം പറയുവാൻ അവരെ യോഗ്യരാക്കേണമേ. ഇതിന് മറുപടി യായി നല്ലവരും വിശ്വസ്തന്മാരുമായ ദാസന്മാരെ, നിങ്ങൾ അല്പത്തിൽ വിശ്വസ്തന്മാരായി; ഇതാ നിങ്ങളുടെ കൈകളിൽ അധികം ഞാൻ ഭരമേല്പിക്കുന്നു'' എന്നുള്ള നമ്മുടെ കർത്താവിന്റെ മഹനീയമായ ശബ്ദം അവർ കേൾക്കുമാറാകേണമേ.

അഴഞ്ഞുപോകാത്തതായ പുതിയ ജീവന് മ്ശീഹായുടെ കൃപയാൽ സ്വർഗ്ഗരാജ്യത്തിൽ നാമെല്ലാവരും യോഗ്യരാകുമാറാകട്ടെ. ഞങ്ങളെ ല്ലാവരും ഒന്നിച്ച് ഐക്യത്തോടെ പിതാവിനും പുത്രനും റൂഹാദ് കുദ്ശായ്ക്കും സ്തുതിയും ബഹു മാനവും കൃതജ്ഞതയും ആരാധ നയും സമർപ്പിക്കുന്നു.



**ഹാശാ വവ്കോൽസ്വൻ വല്ആലം അൽമീൻ. ആമ്മേൻ**

Text & Audio clip courtesy : Dr. Febin George Mokkamthadathil
(Marthomma Nazrani Mappilas/Watsapp)

Audio/sound : Fr. Sebastian Nedumpurath-Diocese of Kothamangalam

Picture Courtesy : Denny Sails Karamkunnel

Published On : 22.02.2022

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
Please contact:
info@thecmsindia.org
library@thecmsindia.org

www.TheCMSIndia.org

Please join
the ‘CMSI Benefactors Club’
and support the ongoing projects of
Christian Musicological Society Of India

ENCYCLOPEDIA OF SYRIAC CHANTS

ARAMAIC PROJECT

DIRECTORY OF CHRISTIAN SONGS